## പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 87 12.01.2021-ൽ മറുപടിയ്ക്ക്

## പ്രവാസി ക്ഷേമം

| ചോദ്യം<br>പ്രൊഫ. കെ.യു. അരുണൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | ഈ സർക്കാർ വന്നശേഷം പ്രവാസി ക്ഷേമത്തിനായി നോർക്ക വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവാസികളുടെ ക്ഷേമത്തിനായി നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. പ്രവാസി പുനരധിവാസ പദ്ധതി (NDPREM)<br>2. നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്റർ (ജി.സി.സി.)<br>3. നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്<br>4. പ്രവാസി ലീഗൽ അസിസ്റ്റന്റ്സ് പദ്ധതി.<br>5. പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം<br>6. നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്<br>7. നൈപുണ്യ വികാസവും നൈപുണ്യ പുതുക്കൽ പരിശീലനവും<br>8. ഓൺലൈൻ ഡാറ്റാ ബേയ്സ്<br>9. നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി.) |

| | | | |
|---|---|---|---|
| | | | 10. എമജൻസി റിപാട്രിയേഷൻ ഫണ്ട്<br>11. ലോക കേരള സഭ<br>12. സാന്ത്വന പദ്ധതി (ധനസഹായത്തിന് ഉണ്ടായിരുന്ന വരുമാന പരിധി ഒരു ലക്ഷം രൂപയിൽ നിന്നും 1.5 ലക്ഷം രൂപയായി ഉയർത്തി)<br>13. സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ<br>14. നോർക്ക റിക്രൂട്ട്മെന്റ്<br>15. നോർക്ക റൂട്ട്സ് പ്രവാസി തിരിച്ചറിയൽ കാർഡ്<br>16. NRI ഇൻവെസ്റ്റ്മെന്റ് കമ്പനി<br>17. പ്രവാസി കേന്ദ്ര സഹകരണ സംഘം<br>18. വനിത എൻ.ആർ.കെ. സെൽ<br>**<u>കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് വഴി നടപ്പിലാക്കിയ പദ്ധതികൾ താഴെപ്പറയുന്നു:-</u>**<br>19. മുൻ സർക്കാരിന്റെ കാലത്ത് 500 രൂപ മുതൽ 1000 രൂപ വരെ ആയിരുന്ന പെൻഷൻ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാറ്റഗറി വ്യത്യാസം ഇല്ലാതെ 2000 രൂപ മുതൽ 4000 രൂപവരെയായി വർദ്ധിപ്പിച്ചു.<br>20. പ്രവാസി ക്ഷേമ നിധി അംഗത്വത്തിന് സുതാര്യമായ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി.<br>21. കോവിഡ്-19 മഹാമാരിയുടെ കാലഘട്ടത്തിൽ പ്രവാസി ക്ഷേമ ബോർഡിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർക്കെല്ലാം 1000 രൂപ ധനസഹായം നൽകി. കൂടാതെ ക്ഷേമനിധി അംഗങ്ങളിൽ കോവിഡ്-19 ബാധിതരായിട്ടുള്ളവർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായമായ 10,000/- രൂപ വീതവും നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | 22. പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുമുള്ള ദീർഘകാല നിക്ഷേപ പദ്ധതിയായ് 'പ്രവാസി ഡിവിഡന്റ് പദ്ധതി' ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കി. |

**സെക്ഷൻ ഓഫീസർ**